നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അതിർത്തി പുനർനിർണ്ണയം

207 (7770) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ അതിർത്തി പുനർനിർണ്ണയം നടത്തിയത് ഏത് വർഷമാണെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം എസ്റ്റേറ്റുകളുടെ അതിർത്തി പുനർനിർണ്ണയമാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) ഓരോ എസ്റ്റേറ്റും കൈവശംവച്ച ഭൂമിയുടെ അളവ് സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ഡി) നെല്ലിയാമ്പതിയിൽ സമഗ്രമായ റവന്യൂ-ഫോറസ്റ്റ് സംയുക്ത സർവ്വേ നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ സംയുക്ത സർവ്വേ നടത്തി തോട്ടങ്ങളുടെ അതിർത്തി പുനർനിർണ്ണയം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1909-ലെ കൊച്ചി സർക്കാരിന്റെ റിസർവ്വ് നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ട നെല്ലിയാമ്പതിയിലെ 25 തോട്ടങ്ങളുടെ അതിർത്തി നിർണ്ണയിച്ചത് നോട്ടിഫിക്കേഷന് മുൻപായി 1905-നും 1909-നും മധ്യേയാണ്. അതിനുശേഷം പ്രത്യേക ആവശ്യങ്ങൾക്കായി ഏതാനും തോട്ടങ്ങളിൽ മാത്രമേ അതിർത്തി പുനർനിർണ്ണയം നടത്തിയിട്ടുള്ളൂ.

(ബി) 25 എസ്റ്റേറ്റുകളിൽപ്പെട്ട മീരാഫ്ളോറസ് എസ്റ്റേറ്റിന്റെ അതിർത്തി പുനർനിർണ്ണയം 2011-ൽ പൂർത്തിയായിട്ടുള്ളതും ചന്ദ്രാമല എസ്റ്റേറ്റിന്റെ പുലയമ്പാറ ഭാഗത്തെ അതിർത്തി പുനർനിർണ്ണയം അതേ വർഷം നടത്തിയിട്ടുള്ളതുമാണ്.

(സി) നെല്ലിയാമ്പതിയിൽ റിസർവ് നോട്ടിഫിക്കേഷനിൽ ഉൾപ്പെട്ട എസ്റ്റേറ്റുകൾ കൈവശം വച്ചുവരുന്ന ഭൂമിയുടെ അളവ് സംബന്ധിച്ച് വിശദമായ പഠനം നടന്നുവരികയാണ്.

(ഡി) നെല്ലിയാമ്പതിയിലുള്ള വനഭൂമികളിൽ റവന്യൂ-വന സംയുക്ത സർവ്വേയുടെ ആവശ്യകത ഉദിക്കുന്നില്ല. മറിച്ച് നെല്ലിയാമ്പതിയിലുള്ള പഴയ ബ്രിട്ടീഷ് മലബാർ പ്രദേശത്തെ പല സ്ഥലങ്ങളും റവന്യൂ ഭൂമിയാണ്. അവിടെ കേസ്സുകളുടെ ആവശ്യാർത്ഥം ചില സ്ഥലങ്ങളിൽമാത്രം റവന്യൂ-വനം ഉദ്യോഗസ്ഥർ സംയുക്ത സർവേ നടത്തിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly